**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 678** **24-08-2022 - ൽ മറുപടിയ്ക്ക്**

**പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | പ്രാരംഭഘട്ടമായി കോഴിക്കോട് ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ 10 പോൾ മൌണ്ടഡ് ചാർജ്ജിംഗ് പോയിന്റുകൾ സ്ഥാപിക്കുയും 2021 ഓക്ടോബർ മാസം പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുകയും ചെയ്തു. രണ്ടാം ഘട്ടമായി സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും കുറഞ്ഞത് 5 വീതവും കോർപ്പറേഷൻ പരിധിയിൽ വരുന്ന നിയോജക മണ്ഡലങ്ങളിൽ കുറഞ്ഞത് 15 വീതവും എന്ന നിരക്കിൽ ആകെ 1165 പോൾ മൌണ്ടഡ് സ്റ്റേഷനുകളാണ് സ്ഥാപിക്കാൻ ലക്ഷ്യമിടുന്നത്. |
| (ബി) | ഇതിൽ എത്രയെണ്ണം നാളിതുവരെ പൂർത്തിയായിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) | ആകെയുള്ള 1165 പോയിന്റുകളിൽ 412 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്. |
| (സി) | അവശേഷിക്കുന്നവ അടിയന്തരമായി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | അവശേഷിക്കുന്നവ 2 മാസത്തിനകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ